ഓർഗാനിക് ഫാമിംഗ്

*19 [66] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
" *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഗാനിക് ഫാമിംഗ് കാര്യക്ഷമതയോടെ നടത്തുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓർഗാനിക് ഫാമിംഗിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന നാണ്യവിളകൾക്ക് അന്തർദേശീയ കമ്പോളത്തിൽ താരതമ്യേന ഉയർന്ന നിലവാരമുള്ളത് കണക്കിലെടുത്ത് ഓർഗാനിക് ഫാമിംഗ് മേഖലയ്ക്ക് പ്രാമുഖ്യം നൽകുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) പരിസ്ഥിതി സംരക്ഷണം, മാനുഷികാരോഗ്യം, കൃഷി നിലനിർത്തൽ, സാമ്പത്തിക വികസനം, പരമ്പരാഗത കൃഷി രീതികൾ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഓർഗാനിക് ഫാമിംഗ് നയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുവാൻ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

പാചകവാതക വിതരണത്തിൽ ക്രമക്കേടുകൾ ഒഴിവാക്കാൻ നടപടി

*20 [67] *ശ്രീ. സി. ടി. അഹമ്മദ് അലി:*
" *യു. സി. രാമൻ:*
" *ടി. പി. എം. സാഹിർ:*
" *പി. കെ. അബ്ദുറബ്ബ്:*
" *കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക ക്ഷാമം കാരണം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാചകവാതക വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടാകാതെയിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly